(ബി) ഉണ്ട്. പുനഃസംഘടന സംബന്ധിച്ച ഇ. ആർ. സി.-യുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ആവശ്യമായ ഓർഡറുകളും മുലധനവും ഇല്ലാത്തതിനാൽ പ്രവർത്തനം ഏകീകരിച്ച് വരുമാനം ഉണ്ടാക്കുവാൻ കഴിയാത്തതിനാൽ കൃത്യമായി ശമ്പളം നൽകാൻ കഴിയാറില്ല.

(ഡി) സിൽക്കിന്റെ മേല്പറഞ്ഞ എല്ലാ യൂണിറ്റുകളിലും ഡിവിഷനുകളിലും പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക വരുത്തിയിട്ടുണ്ട്.

(ഇ) റിയാബ് വഴി സിൽക്കിന് ഫണ്ട് ഒന്നും നൽകിയിട്ടില്ല.

(എഫ്) ഇല്ല. ഏകദേശം 6 വർഷം മുമ്പ് ഈ യൂണിറ്റിൽ ഒരു പവർസ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ആരംഭഘട്ടത്തിൽ തന്നെ പണി നിർത്തി വയ്ക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ കമ്പനിയുടെ ഉപയോഗം അനുസരിച്ച് അത്തരം പവർസ്റ്റേഷന്റെ ആവശ്യമില്ലാത്തതിനാൽ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ ഉദ്ദേശിക്കുന്നില്ല.

(ജി) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന് ഇപ്പോൾ 344.92 ലക്ഷം രൂപയുടെ ഓർഡർ നിലവിലുണ്ട്. ഈ ജോലികൾ ഒരു വർഷം കൊണ്ട് തീർക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(എച്ച്) ഉണ്ട്. പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക അടയ്ക്കാത്തതിനാൽ പ്രൊവിഡന്റ് ഫണ്ട് അധികാരികൾ കമ്പനിയുടെ അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എസ്. ഐ. എഫ്.എൽ.-ന്റെ എക്സ്പാൻഷൻ

23 [3030] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണിയിലെ എസ്.ഐ.എഫ്. എൽ.-ന്റെ എക്സ്പാൻഷൻ പ്രൊപ്പോസൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രൊപ്പോസൽ സംബന്ധിച്ച് നടപടികൾ ഏത് ഘട്ടംവരെയായി എന്നുപറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ ടെക്നോളജി അപ്ഗ്രേഡ് ചെയ്യുന്നതിനും, വികസനത്തിനുമായുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് കമ്പനി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 770 ലക്ഷം രൂപ ചെലവുവരുന്ന ഈ പദ്ധതി വഴി കമ്പനിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും കൂട്ടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കുന്ന ബ്ളെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്ളാന്റിന്റെ പ്രവർത്തനങ്ങൾ

24 [3031] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്ന ബ്ളെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്ളാന്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വ്യവസായ വകുപ്പിന്റെ അനുമതിക്കായി പ്രസ്തുത പ്രോജക്ട് അയച്ചെങ്കിലും വ്യവസായ വകുപ്പ് ഇത് വേണ്ട രീതിയിൽ പരിഗണിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ വ്യവസായ സംരംഭങ്ങളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കുന്ന ഈ പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ബ്ളെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്ളാന്റിനെ സംബന്ധിച്ച പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് ജൂൺ മാസം 2-ാം വാരത്തിലാണ് സർക്കാരിൽ ലഭിച്ചത്. ഇത് പ്ളാനിംഗ് (ബി.പി.ഇ.), ധനകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly